# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.480

## 05-06-2018 ൽ മറുപടിക്ക്

## കിഫ്ബിയുടെ പ്രവർത്തനം

| ചോദ്യം<br>ശ്രീ. വി.ടി. ബൽറാം | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) 14.02.2017 ലെ GO(MS)No.77/2017/Fin പ്രകാരം കിഫ്ബിയിൽ സൃഷ്ടിച്ച തസ്തികകൾ എത്രയാണ്; ഇതുപ്രകാരം എത്ര ആളുകളെ കിഫ്ബിയിൽ നിയമിച്ചു; വിശദാംശം ലഭ്യമാക്കുമോ; | സ.ഉ.(കൈ)നം.77 /17 /ധന പ്രകാരം 32 തസ്തികകൾ കിഫ്ബിയിൽ സൃഷ്ടിച്ചിട്ടുണ്ട് . ഇതിൽ 20 തസ്തികകളിൽ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. |
| (ബി) കിഫ്ബിയിലെ പ്രോജക്ട് അപ്രൈസൽ ഡിവിഷന്റേയും ഇൻസ്പെക്ഷൻ വിഭാഗത്തിന്റെയും ചുമതലകൾ എന്തെല്ലാമാണ്;<br>(സി) പ്രോജക്ട് അപ്രൈസൽ ഡിവിഷന്റെ കീഴിലുള്ള ചീഫ് ജനറൽ മാനേജർ, ജനറൽ മാനേജർ (അപ്രൈസൽ) എന്നിവരുടെ ചുമതലകൾ എന്തൊക്കെയാണ്; | കിഫ്ബിയുടെ ധനസഹായത്തിനായി നിർദ്ദേശിക്കപ്പെടുന്ന പദ്ധതികളുടെ ഡി.പി.ആർ കിഫ്ബി മാനദണ്ഡങ്ങൾക്ക് വിധേയമായി അവലോകനം നടത്തി, യോഗ്യമായവയെ ബോർഡിന്റെ അംഗീകാരത്തിനായി ശുപാർശ ചെയ്യുക എന്നതാണ് കിഫ്ബി പദ്ധതി അവലോകന വിഭാഗത്തിന്റെ പ്രധാന ചുമതല. പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി ബന്ധപ്പെട്ട ഭരണവകുപ്പുകളുടേയും നിർവ്വഹണ ഏജൻസികളുടേയും യോഗങ്ങൾ നടത്തി സമയബന്ധിതമായ പദ്ധതി നിർവ്വഹണം ഉറപ്പാക്കുക, പദ്ധതികളുടെ Work Break Down Structurte (WBS) ന് അംഗീകാരം നൽകുക, ബില്ലുകൾ സമർപ്പിക്കപ്പെടുന്നത് WBS പ്രകാരമാണെന്ന് ഉറപ്പാക്കുക എന്നിവ ഉൾപ്പെടെയുള്ള സുപ്രധാന ചുമതലകളും ഈ വിഭാഗം കൈകാര്യം ചെയ്യുന്നു. ഈ പ്രവർത്തികളുടെ മേൽനോട്ടം അപ്രൈസൽ വിഭാഗം ജനറൽ മാനേജർ നടത്തിവരുന്നു. ചീഫ് ജനറൽ മാനേജർ തസ്തികയിലേക്ക് ഇതുവരെ നിയമനം നടത്തിയിട്ടില്ല.<br>അംഗീകാരം ലഭിച്ച പദ്ധതികളുടെ നിർവഹണ പുരോഗതി |

| | |
|---|---|
| | വിലയിരുത്തുക, പദ്ധതി നിർവഹണത്തിൽ കൃത്യമായ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്നും, ഫണ്ടുകളുടെ വിനിയോഗം കിഫ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരമാണെന്ന് ഉറപ്പുവരുത്തുക എന്നിവയാണ് ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പ്രധാന ചുമതലകൾ. |
| (ഡി) പ്രോജക്ട് അപ്രൈസൽ ഡിവിഷന്റെ 2018 ഏപ്രിൽ 30 വരെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ? | പ്രോജക്ട് അപ്രൈസൽ ഡിവിഷന്റെ 2018 ഏപ്രിൽ 30 വരെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ 48,90,856/- രൂപയാണ്. |

സെക്ഷൻ ഓഫീസർ